# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 2334 – 12/06/2018 -ലെ മറുപടിക്ക്

## വിദ്യാഭ്യാസ വായ്പയെടുത്ത് കടക്കെണിയിലായവരെ സഹായിക്കുന്നതിന് നടപടികൾ

ചോദ്യം

ഉത്തരം

ശ്രീ. ആർ. രാജേഷ്

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | സംസ്ഥാനത്ത് വിദ്യാഭ്യാസ വായ്പയെടുത്ത് കടക്കെണിയിൽ ആയവരെ സഹായിക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | വിദ്യാഭ്യാസ വായ്പ എടുത്ത് കടക്കെണിയിലാവുകയും ജപ്തി ഭീഷണി നേരിടുകയും ചെയ്യുന്നവരെ സഹായിക്കുന്നതിനായി ഒരു വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി (Education Loan Repayment Support Scheme) സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. 16.05.2017 തീയതിയിലെ സ.ഉ.(പി) നം. 65/2017/ധന, 12.07.2017 തീയതിയിലെ സ.ഉ.(പി) നം. 89/2017/ധന, 30.10.2017 തീയതിയിലെ സ.ഉ.(പി)നം. 135/2017/ധന എന്നീ ഉത്തരവുകൾ പ്രകാരം പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. 02.08.2017-ലെ 61/2017/ധന. സർക്കുലർ പ്രകാരം ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും 20.11.2017 തീയതിയിലെ 81/2017/ധന സർക്കുലർ പ്രകാരം ബാങ്കുകൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. |
| ബി | പ്രസ്തുത പദ്ധതിയിൽ എസ്. സി / എസ്.ടി വിദ്യാർത്ഥികൾ സംസ്ഥാനത്തിന് പുറത്തും രാജ്യത്തിനു പുറത്തും പഠിക്കുന്നതിനായി എടുത്തിട്ടുള്ള വിദ്യാഭ്യാസ വായ്പകളെ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | ഇന്ത്യയ്ക്കകത്തുള്ള, IIT, IIM, IIST, IISC മുതലായ ദേശീയ സ്ഥാപനങ്ങളിലേതുൾപ്പെടെ അംഗീകൃത പ്രൊഫഷണൽ / ടെക്നിക്കൽ കോഴ്സുകൾക്ക് പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്. കൂടാതെ ഇന്റഗ്രേറ്റഡ് കോഴ്സുകൾക്കും (ഗ്രാജ്വേറ്റും പോസ്റ്റ് ഗ്രാജ്വേറ്റും ഉൾപ്പെടെ) പ്രസ്തുത സഹായം ലഭിക്കുന്നതാണ്. എന്നാൽ നഴ്സിംഗ് കോഴ്സുകളിലൊഴികെ മറ്റ് കോഴ്സുകളിൽ മാനേജ്മെന്റ്/എൻ.ആർ.ഐ |

| | | |
|---|---|---|
| | | ക്വാട്ട, അംഗീകൃതമല്ലാത്ത സ്ഥാപനങ്ങൾ എന്നിവയിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുകയില്ല. ഇത് എസ്. സി / എസ്.ടി വിദ്യാർത്ഥികൾക്കും ബാധകമാണ്. |
| സി | പ്രസ്തുത പദ്ധതിയിൽ എത്രപേർ ഇതുവരെ അപേക്ഷ നല്കിയിട്ടുണ്ടെന്നും ഈ അപേക്ഷകളിൽ സ്വീകരിച്ച നടപടികൾ എന്തെന്നും വിശദമാക്കാമോ? | വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി നടപ്പിലാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള elrs.kerala.gov.in പോർട്ടലിലെ വിവരങ്ങൾ അനുസരിച്ച് പ്രസ്തുത പദ്ധതിയിൽ 78069 അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കപ്പെട്ടിട്ടുണ്ട്. അതിൽ നിന്നും സർക്കാരിൽ ലഭിച്ചതും പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം യോഗ്യമായതുമായ 6190 അപേക്ഷകരുടെ സർക്കാർ വിഹിതം ബാങ്കുകളുടെ നോഡൽ അക്കൗണ്ടുകളിലേയ്ക്ക് ഇതിനകം കൈമാറിയിട്ടുണ്ട്. ബാക്കി അപേക്ഷകളിൽ നടപടി പുരോഗമിക്കുകയാണ്. |

**സെക്ഷൻ ഓഫീസർ**